**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2161** **03-03-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൻകിട സ്വകാര്യ ആശുപത്രികളിൽ മാത്രം നടത്തിയിരുന്ന അപൂർവ്വ ശസ്ത്രക്രിയകളും അവയവമാറ്റ ശസ്ത്രക്രിയകളുമടക്കം നടപ്പാക്കി ദേശീയ റാങ്കിങ്ങിൽ മുൻപന്തിയിൽ എത്താൻ കഴിഞ്ഞതോടെ സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മെഡിക്കൽ കോളേജ് ആശുപത്രികളിൽ അപൂർവ്വ ശസ്ത്രക്രിയകളും അവയവമാറ്റ ശസ്ത്രക്രിയകളുമടക്കം നടന്നുവരുന്നതിനാൽ ചികിത്സയ്ക്കായി എത്തുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>ബി.സി.ഐ. (ബോൺ കണ്ടക്ഷൻ ഇംപ്ലാന്റ്) 602 ശസ്ത്രക്രിയ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഒരാൾക്ക് ബോൺ ബ്രിഡ്ജ് ശസ്ത്രക്രിയ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുകയാണ്. അതോടൊപ്പം തന്നെ അവയവം/ ടിഷ്യുമാറ്റ ശസ്ത്രക്രിയകൾ സർക്കാർ മേഖലയിലെ ആശുപത്രികളിൽ ചെയ്തുവരുന്നുണ്ട്.<br><br>സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിന് സൗകര്യം ഉള്ള ആശുപത്രികളും ഓരോ ആശുപത്രിയിലും ലഭ്യമായ അവയവമാറ്റ ശസ്ത്രക്രിയ സൗകര്യങ്ങളും പട്ടിക തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമ നം | ആശുപത്രി | അവയവങ്ങൾ/ടിഷ്യു |
|---|---|---|
| 1 | സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം | വൃക്ക, കരൾ, ഹൃദയം, കോർണിയ |
| 2 | സർക്കാർ മെഡിക്കൽ കോളേജ് കോട്ടയം | വൃക്ക, കരൾ, ഹൃദയം, കോർണിയ, ശ്വാസകോശം |
| 3 | സർക്കാർ മെഡിക്കൽ കോളേജ് ആലപ്പുഴ | വൃക്ക, കോർണിയ |
| 4 | സർക്കാർ മെഡിക്കൽ കോളേജ് | വൃക്ക, കോർണിയ |

| | | |
|---|---|---|
| | കോഴിക്കോട് | |
| 5 | സർക്കാർ മെഡിക്കൽ കോളേജ് തൃശ്ശൂർ | കോർണിയ |
| 6 | സർക്കാർ മെഡിക്കൽ കോളേജ് കണ്ണൂർ | കോർണിയ |

ആരോഗ്യ വകുപ്പിന് കീഴിലുള്ള എറണാകുളം ജനറൽ ഹോസ്പിറ്റലിൽ വൃക്ക, ഹൃദയം എന്നീ അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ മജ്ജമാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള പ്രവർത്തനത്തിലാണ്. വിരളമായി മാത്രം ചെയ്യുന്ന കുട്ടികളിലെ കരൾമാറ്റ ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിൽ ചെയ്യുന്നുണ്ട്. ഇതുപോലുള്ള ശസ്ത്രക്രിയ ചെയ്യുന്ന രാജ്യത്തെ രണ്ടാമത്തെ മെഡിക്കൽ കോളേജാണ് കോട്ടയം മെഡിക്കൽ കോളേജ്. കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയോതൊറാസിക് വിഭാഗം വളരെ സങ്കീർണ്ണമായ off pump submitral aneurysm and subclavian artery aneurysm ശസ്ത്രക്രിയ നടത്തി രോഗിയെ രക്ഷപ്പെടുത്തിയിട്ടുണ്ട്.

കഴിഞ്ഞ അഞ്ച് വർഷത്തെ സർക്കാർ ആശുപത്രികളിലെ ഒ. പി നില ചുവടെ ചേർക്കുന്നു.

| **കാലയളവ്** | **ഒ.പി** |
|---|---|
| 2019-2020 | 10.07 Cr |
| 2020-2021 | 5.64 Cr |
| 2021-2022 | 8.71 Cr |
| 2022-2023 | 11.14 Cr |
| 2023-2024 | 11.29 Cr |

2020-21 കോവിഡ് കാലയളവൊഴികെ ഓ.പി വർദ്ധിക്കുന്നതായിട്ടാണ് ഹോസ്പിറ്റലുകളിൽ നിന്നും റിപ്പോർട്ട് ചെയ്ത കണക്കുകൾ സൂചിപ്പിക്കുന്നത് . ഇത് ആർദ്രം മിഷന്റെ ഭാഗമായി മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയതിന്റെയും സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഉൾപ്പെടെയുള്ള ക്ലിനിക്കൽ സേവനങ്ങൾ ഒരുക്കിയതിന്റെ ഫലമായാ ണ്.

| | | | |
|---|---|---|---|
| (ബി) | ഈ സാഹചര്യം കണക്കിലെടുത്ത് രോഗികളുടെ വർദ്ധനവിനനുസരിച്ച് ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനും | (ബി) | കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന സേവന സൗകര്യങ്ങളുടെ വർദ്ധനവിനൊത്ത് ജീവനക്കാരുടെയും ഡോക്ടർമാരുടെയും എണ്ണം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആരോഗ്യ |

| | | | |
|---|---|---|---|
| | പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | | സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും കുറവ് പരിഹരിക്കുന്നതിന് കഴിഞ്ഞ 8 വർഷത്തിനുള്ളിൽ ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>സർക്കാർ മെഡിക്കൽ കോളേജുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നത് നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ഇതിനു പുറമേ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിലെ രോഗികളുടെ വർദ്ധനവ് കണക്കിലെടുത്തും, പുതിയ ഡിപ്പാർട്ടുമെന്റുകൾ രൂപീകരിക്കുന്നതിനുമായി ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. 262 അദ്ധ്യാപക തസ്തികകളും, 8 അനദ്ധ്യാപക തസ്തികകളും ഉൾപ്പെടെ 270 തസ്തികകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്രസർക്കാർ സംസ്ഥാനത്തോടു കാണിക്കുന്ന സാമ്പത്തിക അവഗണന ആരോഗ്യമേഖലയിൽ കൈവരിച്ച നേട്ടങ്ങളെ എങ്ങനെയാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ദേശീയ ആരോഗ്യ മിഷന് 2023-24 സാമ്പത്തിക വർഷം കേന്ദ്ര ഫണ്ട് ലഭിക്കാത്തതിനാൽ എൻ.എച്ച്.എം മുഖേന നടത്തി വരുന്ന ആശുപത്രി നിർമ്മാണ പദ്ധതികൾ, ആശുപത്രി ഉകരണങ്ങളും മരുന്നുകളും വാങ്ങൽ, എൻ.എച്ച്.എം ൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, ആശമാരുടെ ഇൻസെന്റീവ്, ആംബുലൻസുകളുടെ പ്രവർത്തന ചെലവ് ഹീമോഫീലിയ, തലാസീമീയ, അരിവാൾ രോഗം തുടങ്ങിയ രോഗ ചികിത്സ എന്നിവയെയാണ് കൂടുതലും ബാധിച്ചത്. കേന്ദ്ര പദ്ധതികളായ അമ്മയും കുഞ്ഞും പദ്ധതി, RBSK, തുടങ്ങിയ പദ്ധതികൾക്ക് മുൻകൂർ കൊടുത്ത വകയിൽ ആശുപത്രി വികസന സമിതികൾക്ക് ഉണ്ടായ കടബാദ്ധ്യതയും ഇതിൽപ്പെടുന്നു. കേന്ദ്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിലും രോഗികൾക്കുള്ള ചികിത്സയും സേവനങ്ങളും മുടക്കാതെ കൊണ്ടു പോകാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗിച്ചാണ് ഇത് സാധ്യമാക്കിയത് . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| 2016 | | |
|---|---|---|
| **ക്രമ നമ്പർ** | **തസ്തിക** | **തസ്തികകളുടെ എണ്ണം** |
| സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ – 204 | | |
| 1 | ലാബ് ടെക്നിഷ്യൻ | 204 |
| സംസ്ഥാനത്തെ വിവിധ നഴ്സിംഗ് സ്കൂളുകളിൽ – 19 | | |
| 2 | നഴ്സിംഗ് ട്യൂട്ടർ | 19 |

**2017**

| | | |
|---|---|---|
| സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ – 47 | | |
| 1 | അസിസ്റ്റന്റ് ഡെന്റൽ സർജൻ | 47 |
| മലപ്പുറം ജില്ല പബ്ലിക് ഹെൽത്ത് ലാബ് – 10 | | |
| 1 | മെഡിക്കൽ ഓഫീസർ (പത്തോളജി/മൈക്രോബയോളജി) | 1 |
| 2 | ജൂനിയർ സയന്റിഫിക് ഓഫീസർ | 1 |
| 3 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 2 |
| 4 | ജൂനിയർ ലാബ് അസിസ്റ്റന്റ് | 2 |
| 5 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 2 |
| 6 | ലോവർ ഡിവിഷൻ ക്ലാർക്ക് | 1 |
| 7 | പ്യൂൺ | 1 |

**റാന്നി താലൂക്ക് ആശുപത്രി– 12**

| | | |
|---|---|---|
| 1 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 1 |
| 2 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 3 |
| 3 | ജൂനിയർ കൺസൽട്ടന്റ് (ഇ.എൻ.റ്റി) | 1 |
| 4 | ആർ.എം.ഒ (അസിസ്റ്റന്റ് സർജൻ) | 1 |
| 5 | സ്റ്റാഫ് നഴ്സ് ഗ്രേഡ് II | 3 |

| | | |
|---|---|---|
| 6 | ഫാർമസിസ്റ്റ് ഗ്രേഡ് II | 1 |
| 7 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 2 |

**റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് പത്തനംതിട്ട**

| | | |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (പത്തോളജി/മൈക്രോബയോളജി) | 1 |
| 2 | അസിസ്റ്റന്റ് സർജൻ | 1 |
| 3 | സയന്റിഫിക് ഓഫീസർ | 1 |
| 4 | ജൂനിയർ സയന്റിഫിക് ഓഫീസർ | 1 |
| 5 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 6 |
| 6 | ജൂനിയർ ലാബ് അസിസ്റ്റന്റ് | 2 |
| 7 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 1 |
| 8 | ക്ലാർക്ക് | 1 |
| 9 | പ്യൂൺ | 1 |

**നീണ്ടകര താലൂക്ക് ആശുപത്രി കൊല്ലം**

| | | |
|---|---|---|
| 1 | പാർട്ട് ടൈം സ്വീപ്പർ | 1 |

**നെയ്യാറ്റിൻകര ജനറൽ ആശുപത്രി**

| | | |
|---|---|---|
| 1 | സ്റ്റെറിലൈസേഷൻ ടെക്നീഷ്യൻ ഗ്രേഡ് II | 1 |

**ഫാമിലി ഹെൽത്ത് സെന്റേഴ്സ് (ആർദ്രം)**

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 170 |
| 2 | സ്റ്റാഫ് നഴ്സ് ഗ്രേഡ് II | 340 |
| 3 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 170 |

**കണ്ണൂർ സെൻട്രൽ പ്രിസൺ &കറക്ഷണൽ ഹോം**

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 1 |
| 2 | ഫാർമസിസ്റ്റ് | 1 |

**ജില്ല/ജനറൽ/താലൂക്ക് ആശുപത്രികൾ (ആർദ്രം)**

| | | |
|---|---|---|
| 1 | സ്റ്റാഫ് നഴ്സ് ഗ്രേഡ് II | 197 |

**വനിത-ശിശു ആശുപത്രി, പൊന്നാനി, മലപ്പുറം**

| | | |
|---|---|---|
| 1 | സൂപ്രണ്ട് | 1 |

| | | |
|---|---|---|
| | (ഡെപ്യൂട്ടി ഡയറക്ടർ) | |
| 2 | ഡെപ്യൂട്ടി സൂപ്രണ്ട് (അസിസ്റ്റന്റ് ഡയറക്ടർ) | 1 |
| 3 | റെസിഡന്റ് മെഡിക്കൽ ഓഫീസർ | 1 |
| 4 | സീനിയർ കൺസൾട്ടന്റ് (ഒ&ജി) | 1 |
| 5 | കൺസൾട്ടന്റ് (ഒ&ജി) | 3 |
| 6 | കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | 2 |
| 7 | കൺസൾട്ടന്റ് (അനസ്തേഷ്യ) | 2 |
| 8 | കൺസൾട്ടന്റ് (മെഡിസിൻ) | 1 |
| 9 | ജൂനിയർ കൺസൾട്ടന്റ് (ഒ&ജി) | 3 |
| 10 | ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | 2 |
| 11 | ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | 2 |
| 12 | ജൂനിയർ കൺസൾട്ടന്റ് | 1 |
| 13 | ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർ | 1 |
| 14 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 3 |
| 15 | അസിസ്റ്റന്റ് സർജൻ | 3 |
| 16 | സ്റ്റോർ സൂപ്രണ്ട് | 1 |
| 17 | ഫാർമസിസ്റ്റ്-കം-സ്റ്റോർ കീപ്പർ | 1 |
| 18 | ഫാർമസിസ്റ്റ് ഗ്രേഡ് II | 2 |
| 19 | നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് I | 1 |
| 20 | നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് II | 1 |
| 21 | ഹെഡ് നഴ്സ് | 5 |
| 22 | സ്റ്റാഫ് നഴ്സ് ഗ്രേഡ് I | 10 |
| 23 | സ്റ്റാഫ് നഴ്സ് ഗ്രേഡ് II | 10 |
| 24 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 2 |
| 25 | റേഡിയോഗ്രാഫർ ഗ്രേഡ് II | 1 |
| 26 | എക്സ്റേ ടെക്നീഷ്യൻ | 1 |
| 27 | നഴ്സിംഗ് അസിസ്റ്റന്റ് | 5 |
| 28 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I | 5 |
| 29 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 5 |
| 30 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 31 | ലേ സെക്രട്ടറി ആന്റ് ട്രഷറർ | 1 |

| | | |
|---|---|---|
| 32 | ഹെഡ് ക്ലർക്ക് | 1 |
| 33 | സീനിയർ ക്ലർക്ക് | 2 |
| 34 | ക്ലർക്ക് | 2 |
| 35 | ഓഫീസ് അറ്റൻഡന്റ് | 1 |

**- ജില്ല പബ്ലിക് ഹെൽത്ത് ലാബ്, സുൽത്താൻ ബത്തേരി വയനാട് -**

| | | |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ<br>(ജൂനിയർ കൺസൾട്ടന്റ് പത്തോളജി/<br>മൈക്രോബയോളജി) | 1 |
| 2 | ജൂനിയർ സയന്റിഫിക് ഓഫീസർ | 1 |
| 3 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 4 |
| 4 | ജൂനിയർ ലാബ് അസിസ്റ്റന്റ് | 1 |
| 5 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 1 |
| 6 | ക്ലർക്ക് ടൈപ്പിസ്റ്റ് | 1 |
| 7 | പ്യൂൺ | 1 |

ജില്ല/ജനറൽ/താലൂക്ക് ആശുപത്രികൾ (ആർദ്രം)

| | | |
|---|---|---|
| 1 | ഡെപ്യൂട്ടി ഡയറക്ടർ | 3 |
| 2 | അസിസ്റ്റന്റ് ഡയറക്ടർ | 8 |
| 3 | ചീഫ് കൺസൾട്ടന്റ് (Sup.Splty+Splty) | 2 |
| 4 | സീനിയർ കൺസൾട്ടന്റ് (Splty) | 3 |
| 5 | കൺസൾട്ടന്റ് (Sup.Splty+Splty) | 37 |
| 6 | ജൂനിയർ കൺസൾട്ടന്റ് (Splty) | 106 |
| 7 | അസിസ്റ്റന്റ് സർജൻ (Sup.Splty) | 10 |
| 8 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 97 |
| 9 | കാത്ത് ലാബ് ടെക്നീഷ്യൻ | 6 |
| 10 | ഇ.സി.ജി.ടെക്നീഷ്യൻ | 36 |
| 11 | ഡയാലിസിസ് ടെക്നീഷ്യൻ | 68 |
| 12 | ദന്തൽ മെക്കാനിക് ഗ്രേഡ് II | 25 |
| 13 | ദന്തൽ ഹൈജീനിസ്റ്റ് ഗ്രേഡ് II | 12 |
| 14 | ഫിസിയോതെറാപ്പിസ്റ്റ് | 6 |
| 15 | റേഡിയോഗ്രാഫർ | 17 |

| | | |
|---|---|---|
| 16 | എക്സ്റേ അറ്റൻഡർ | 16 |
| 17 | ഫാർമസിസ്റ്റ്-കം-സ്റ്റോർ കീപ്പർ | 15 |
| 18 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 40 |
| 19 | മോർച്ചറി ടെക്നീഷ്യൻ | 6 |
| 20 | മോർച്ചറി-അറ്റൻഡന്റ് | 5 |
| 21 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I | 40 |
| 22 | മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ ഗ്രേഡ്II | 18 |
| 23 | മെഡിക്കൽ റെക്കോർഡ് അറ്റൻഡന്റ് | 17 |
| 24 | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 15 |
| 25 | ഫാർമസിസ്റ്റ് ഗ്രേഡ് II | 30 |
| 26 | ഒപ്റ്റോമെട്രിസ്റ്റ് | 7 |

**വനിതാ ശിശു ആശുപത്രി കോഴിക്കോട്**

| | | |
|---|---|---|
| 1 | ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് (റേഡിയോളജി) | 1 |

**വനിതാ ശിശു ആശുപത്രി തിരുവനന്തപുരം**

| | | |
|---|---|---|
| 1 | റേഡിയോഗ്രാഫർ ഗ്രേഡ് 2 | 2 |

**ഫാമിലി ഹെൽത്ത് സെന്റേഴ്സ് (ആർദ്രം)**

| | | |
|---|---|---|
| 1 | ഫാർമസിസ്റ്റ് ഗ്രേഡ് 2 | 150 |

**2018**

**ഉഴവൂർ കെ.ആർ നാരായണൻ മെമ്മോറിയൽ ഗവ.സ്പെഷ്യാലിറ്റി ആശുപത്രി**

| | | |
|---|---|---|
| 1 | സൂപ്രണ്ട് (അസിസ്റ്റന്റ് ഡയറക്ടർ) | 1 |
| 2 | ജൂനിയർകൺസൾട്ടന്റ് (സർജറി) | 1 |
| 3 | ജൂനിയർകൺസൾട്ടന്റ് (ജനറൽ മെഡിസിൻ) | 1 |
| 4 | ജൂനിയർകൺസൾട്ടന്റ് (പീഡിയാട്രിക്സ്) | 1 |
| 5 | ജൂനിയർകൺസൾട്ടന്റ് (അനസ്തേഷ്യ) | 1 |
| 6 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 2 |
| 7 | സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 | 5 |

| |
|---|
| **ജനറൽ ആശുപത്രി എറണാകുളം** |

| | | |
|---|---|---|
| 1 | ജൂനിയർകൺസൾട്ടന്റ് (മൈക്രോബയോളജി) | 1 |

**2019**

**കുടുംബാരോഗ്യകേന്ദ്രങ്ങൾ (ആർദ്രം) രണ്ടാംഘട്ടം**

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 400 |
| 2 | സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 | 400 |
| 3 | ലാബ് ടെക്നീഷ്യൻ | 200 |

**സംസ്ഥാനതലം**

| | | |
|---|---|---|
| | ഡെന്റൽ എക്യുപ്മെന്റ്സ് ടെക്നീഷ്യൻ | 2 |

**സ്റ്റേറ്റ് പബ്ലിക് ലാബിലും മറ്റ് പബ്ലിക് ഹെൽത്ത് ലാബുകളും**

| | | |
|---|---|---|
| 1 | സീനിയർ കൺസൾട്ടന്റ് (പാത്തോളജി) | 2 |
| 2 | കൺസൾട്ടന്റ് (പാത്തോളജി) | 2 |
| 3 | ജൂനിയർകൺസൾട്ടന്റ് (പാത്തോളജി) | 2 |
| 4 | സയന്റിഫിക് ഓഫീസർ (മൈക്രോബയോളജി) | 3 |
| 5 | ചീഫ് ലാബ് ടെക്നീഷ്യൻ | 2 |
| 6 | ജൂനിയർ ലാബ് അസിസ്റ്റന്റ് | 3 |

**2020**

**ടാറ്റാ ട്രസ്റ്റ് ആശുപത്രി കാസർകോഡ്**

| | | |
|---|---|---|
| 1 | സൂപ്രണ്ട് | 1 |
| 2 | ആർ.എം.ഒ | 1 |
| 3 | ജൂനിയർ കൺസൾട്ടന്റ് | 16 |
| 4 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 6 |
| 5 | അസിസ്റ്റന്റ് സർജൻ | 16 |
| 6 | നേഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് 1 | 2 |
| 7 | ഹെഡ് നേഴ്സ് | 6 |

| | | |
|---|---|---|
| 8 | സ്റ്റാഫ് നേഴ്സ് ഗ്രേഡ് 1 | 30 |
| 9 | സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 | 30 |
| 10 | ലാബ് ടെക്നീഷ്യൻ | 4 |
| 11 | സ്റ്റോർ സൂപ്രണ്ട് | 1 |
| 12 | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 |
| 13 | ഫാർമസിസ്റ്റ് | 4 |
| 14 | റേഡിയോഗ്രാഫർ | 2 |
| 15 | ഇ.സി.ജി ടെക്നീഷ്യൻ | 2 |
| 16 | നേഴ്സിംഗ് അസിസ്റ്റന്റ് | 25 |
| 17 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 | 10 |
| 18 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 | 20 |
| 19 | പി.റ്റി.എസ് | 3 |
| 20 | എം.ആർ.എൽ | 1 |
| 21 | പ്ലംബർ | 1 |
| 22 | ഇലക്ട്രീഷ്യൻ | 1 |
| 23 | ഡ്രൈവർ | 2 |
| 24 | ജൂനിയർ സൂപ്രണ്ട് | 1 |
| 25 | സീനിയർ ക്ലാർക്ക് | 2 |
| 26 | ക്ലാർക്ക് | 2 |
| 27 | ഓഫീസ് അറ്റൻഡന്റ് | 1 |

| | | |
|---|---|---|
| | **വടക്കാഞ്ചേരി സാമൂഹികാരോഗ്യകേന്ദ്രം പാലക്കാട്** | |
| | മെഡിക്കൽ ഓഫീസർ | 3 |
| | സ്റ്റാഫ് നഴ്സ് | 2 |
| | നേഴ്സിംസ് അസിസ്റ്റന്റ് | 2 |
| | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 | 1 |
| | ഫാർമസിസ്റ്റ് | 1 |
| | **നെയ്യാറ്റിൻകര ജനറൽ ആശുപത്രി. തിരുവനന്തപുരം** | |
| | ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക് & ക്ലിനിക്കൽ ലാബ് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ) | 1 |
| **2021** | | |

| | | |
|---|---|---|
| **പുനലൂർ താലൂക്ക് ആശുപത്രി, കൊല്ലം** | | |
| | കൺസൾട്ടന്റ് | 2 |
| | ജൂനിയർ കൺസൾട്ടന്റ് | 7 |
| | അസിസ്റ്റന്റ് സർജൻ | 3 |
| | സ്റ്റാഫ് നേഴ്സ് | 3 |
| | ക്ലാർക്ക് | 2 |
| **പീരുമേട് താലൂക്ക് ആശുപത്രി** | | |
| | ജൂനിയർകൺസൾട്ടന്റ് (അനസ്തേഷ്യ) | 1 |
| **സംസ്ഥാനത്തെ വിവിധ ആശുപത്രികൾ** | | |
| | സ്റ്റാഫ് നേഴ്സ് | 204 |
| | ഫാർമസിസ്റ്റ് | 52 |
| | ക്ലാർക്ക് | 42 |
| | ഓഫീസ് അറ്റൻഡന്റ് | 2 |
| 2022 | | |
| **ജനറൽ ആശുപത്രി കാസർഗോഡ് & ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്** | | |
| 1 | കൺസൾട്ടന്റ് ന്യൂറോളജി | 2 |
| ഇടമലക്കുടി പി.എച്ച്.സി & ചട്ടമൂന്നാർ പി.എച്ച്.സി ഇടുക്കി | | |
| 1 | അസിസ്റ്റന്റ് സർജൻ | 1 |
| 2 | സ്റ്റാഫ് നേഴ്സ് | 1 |
| 3 | ഫാർമസിസ്റ്റ് | 1 |
| 4 | നേഴ്സിംഗ് അസിസ്റ്റന്റ് | 1 |
| 5 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 | 1 |
| 6 | എൽ.ഡി ക്ലാർക്ക് | 1 |
| 7 | പ്യൂൺ | 1 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 |
| **മാനസികാരോഗ്യ കേന്ദ്രം കോഴിക്കോട്** | | |

| മാനസികാരോഗ്യ കേന്ദ്രം കോഴിക്കോട് | | |
|---|---|---|
| 1 | വാച്ച്മാൻ | 20 |

**2024**

**സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ**

| | | |
|---|---|---|
| 1 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 30 |

| സംസ്ഥാനത്തെ വിവിധ കുടുംബാരോഗ്യ കേന്ദ്രങ്ങൾ | | |
|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 35 |
| 2 | സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 | 150 |
| 3 | ഫാർമസിസ്റ്റ് ഗ്രേഡ് 2 | 250 |
| 4 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 | 135 |
| **ആകെ** | | **4325** |

Shaila.m

സെക്ഷൻ ഓഫീസർ